ഉത്തരം

(എ) പന്തളം പ്രീ-മെട്രിക് ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കടയ്ക്കാട് വാർഡിൽ 40 സെന്റ് സ്ഥലം ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കി മേൽനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ നിർദ്ദിഷ്ട പ്രീ-മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണപ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു.

രജനി എസ്. ആനന്ദിന്റെ കുടുംബത്തിന് നഷ്ടപരിഹാരം

13 [593] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജനി എസ്. ആനന്ദ് എന്ന കുട്ടി ആത്മഹത്യ ചെയ്തശേഷം, ഹോസ്റ്റൽ സൗകര്യമില്ലാത്ത കോളേജുകളിലെ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് നൽകുന്ന ആനുകൂല്യത്തിൽ എത്ര രൂപയുടെ വർദ്ധനവ് വരുത്തി എന്ന് വ്യക്തമാക്കുമോ;

(ബി) രജനി എസ്. ആനന്ദിന്റെ കുടുംബത്തിന് നഷ്ടപരിഹാരവും കുടുംബത്തിൽ ഒരാൾക്ക് ജോലിയും നൽകണമെന്ന് പട്ടികജാതി വികസന ഡയറക്ടർ ശുപാർശ ചെയ്തത് എന്നാണ്;

(സി) ഇക്കാര്യത്തിൽ തീരുമാനമെടുക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗവൺമെന്റ്/സ്ഥാപനം വക ഹോസ്റ്റൽ സൗകര്യമില്ലാത്ത സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹരായ വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് ഹോസ്റ്റലിൽ താമസിക്കുന്നവരുടെ പ്രതിമാസ സ്റ്റൈപെന്റ് 315 രൂപയിൽനിന്നും 1,000 രൂപയാക്കി 6-8-2004-ലെ സ.ഉ. (എം എസ്.) നം. 53/04/പ.ജാ. പ.വ. വിവ. പ്രകാരം 6-8-2004 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) & (സി) ഡയറക്ടറുടെ ശുപാർശ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly